II. അടിയന്തിരപ്രമേയം

സംസ്ഥാനത്ത് മഞ്ഞപ്പിത്തം പടർന്നുപിടിച്ചതുമൂലമുണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം

[9.30 a.m.]

മി. സ്പീക്കർ: ഇന്നത്തെ അടിയന്തിരപ്രമേയത്തിന്, 31-1-2005-ൽ ശ്രീ. പി. സി. ജോർജ്ജിന് കോട്ടയത്തെ കാര്യത്തെക്കുറിച്ച് സംസാരിക്കാൻ ഒരു സബ്മിഷൻ കൊടുത്തിരുന്നു. പക്ഷെ വളരെ ഗൗരവതരമായ സ്ഥിതി വിശേഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നതുകൊണ്ട്, അതായത് മഞ്ഞപ്പിത്തം ബാധിച്ച് രണ്ട് ഡോക്ടർമാർ ഉൾപ്പെടെ 75 പേർ വിവിധ ഭാഗങ്ങളിലായി മരണമടയുകയും അയ്യായിരത്തിലധികം ആളുകളെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയും ചെയ്തിരിക്കുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, പി. സി. ജോർജ്ജ്, എ. എ. അസീസ്, കെ. പി. മോഹനൻ, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, സംസ്ഥാനത്ത് മഞ്ഞപ്പിത്തരോഗംമൂലം 9 പേർ മരണപ്പെട്ടതായിട്ടാണ് കണക്കാക്കുന്നത്. കോട്ടയം ജില്ലയിൽ 6, തൃശ്ശൂർ 1, ആലപ്പുഴ 1, കാസർഗോഡ് 1, ഇതിൽ കാസർഗോഡ് പരിയാരം ആശുപത്രിയിൽ മരണപ്പെട്ട ആൾക്ക് മറ്റുചില അസുഖങ്ങൾകൂടി ഉണ്ടായിരുന്നുവെന്നാണ് റിപ്പോർട്ട്. കോട്ടയം ജില്ലയിൽ 1300 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോട്ടയം മെഡിക്കൽകോളേജിന് സമീപമുള്ള ആർപ്പൂക്കര, അതിരമ്പുഴ, കുമാരനെല്ലൂർ, ഐമനം പഞ്ചായത്തുകൾക്കു പുറമെ മുണ്ടക്കയം, ഏറ്റുമാനൂർ ഇടയിരിക്കപ്പുഴ, എരുമേലി എന്നിവിടങ്ങളിലും മഞ്ഞപ്പിത്ത ബാധയുണ്ടായിട്ടുണ്ട്. ഇവിടങ്ങളിലൊക്കെ ആയുർവ്വേദ വകുപ്പിലെ ഡോക്ടർമാരും ഹോമിയോ വകുപ്പിലെ ഡോക്ടർമാരും ചികിൽസയും പ്രതിരോധ ചികിൽസയും നൽകുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ 30 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ കൃഷ്ണപുരം, തുറവൂർ, വട്ടക്കൽ എന്നിവിടങ്ങളിലായി 74 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പത്തനംതിട്ട ജില്ലയിലെ ആറന്മുള ഭാഗത്തും തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഭാഗത്തും രോഗബാധയുള്ളതായി റിപ്പോർട്ടുണ്ട്. കോട്ടയം ജില്ലയിലെ ഡോക്ടർമാർ, തിരുവനന്തപുരം ജില്ലയിലെ ഡോക്ടർമാർ, തൃശ്ശൂർ ജില്ലയിലെ ഡോക്ടർമാർ ഇവരൊക്കെ ഈ പ്രദേശങ്ങളിലെത്തി വിശദമായ പരിശോധന നടത്തി രക്തം, വെള്ളം അതുപോലെ ഭക്ഷ്യപദാർത്ഥങ്ങൾ എന്നിവ ശേഖരിച്ച് പബ്ലിക് റിസർച്ച് ലബോറട്ടറിയിൽ അയച്ച് പരിശോധിച്ചിട്ടുണ്ട്. ആദ്യമായി മഞ്ഞപ്പിത്തബാധ റിപ്പോർട്ട് ചെയ്യുന്നത് സെപ്റ്റംബർ മാസം 16-നാണ്. ഏറ്റവും കൂടുതൽ മഞ്ഞപ്പിത്തബാധ റിപ്പോർട്ട് ചെയ്യപ്പെട്ടത് കോട്ടയത്താണ്. ഈ റിപ്പോർട്ട് കിട്ടിയയുടനെതന്നെ ഗവൺമെന്റ് ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ലോക്കൽ എം.എൽ.എ. ശ്രീ. തോമസ് ചാഴികാടനും ജില്ലാ കളക്ടറും ആരോഗ്യവകുപ്പിലെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരുമടക്കം താൽപര്യമെടുത്ത് നിരവധി കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്. ആ കോൺഫറൻസുകളുടെ അടിസ്ഥാനത്തിൽ അപ്പപ്പോൾതന്നെ ചികിൽസ നടത്തുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മഞ്ഞപ്പിത്തബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ജില്ലകളിലും ഹോമിയോ ആയുർവ്വേദ രംഗത്തുള്ള ഡോക്ടർമാർ സജീവമായി രംഗത്തുണ്ട്. ഇതിനായി നിരവധി ക്യാമ്പുകൾ നടത്തുന്നുണ്ട്. അതിന്റെ ഫലമായി രോഗബാധ വ്യാപകമാകാതിരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. മലിനജലമാണ് രോഗമുണ്ടാകാൻ പ്രധാനപ്പെട്ട കാരണം. ഇത് ഇന്നും ഇന്നലെയുമുള്ള കാര്യമല്ല. മലിനജലം പോകുന്ന പൈപ്പുകളും വാട്ടർ അതോറിറ്റിയുടെ ശുദ്ധജല പൈപ്പുകളും അന്യോന്യം ബന്ധപ്പെട്ട് പോകുന്നതുകൊണ്ട് ചിലപ്പോൾ അണുബാധ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇത് വളരെ വർഷങ്ങളായിട്ടുള്ള കാര്യമാണ്. ഈ രോഗം ഫലപ്രദമായി തടയുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഇതിൽ ആശങ്കപ്പെടേണ്ട കാര്യമില്ല. ഗവൺമെന്റ് ശക്തമായ നടപടിയുമായി മുന്നോട്ടുപോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി മഞ്ഞപ്പിത്തം ബാധിച്ച് മരണപ്പെട്ട ആളുകളുടെ അംഗസംഖ്യ കുറച്ചുകാണിച്ചുകൊണ്ട് ഈ സംഭവത്തിന്റെ ഗൗരവം കുറയ്ക്കാനാണ് ശ്രമിച്ചത്. മലയാള മനോരമ പത്രം ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്ക് പ്രിയപ്പെട്ട പത്രമാണല്ലോ. അത് റിപ്പോർട്ട് ചെയ്തിരിക്കുന്നത് കോട്ടയം മെഡിക്കൽ കോളേജിലെ രണ്ട് ഡോക്ടർമാർ ഉൾപ്പെടെ 13 പേർ മരിച്ചു എന്നാണ്. അതുപോലും മന്ത്രി കണക്കിലെടുത്തിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് ഭീതിജനകമാംവിധം മഞ്ഞപ്പിത്തം പടരുന്നു. ഈ രോഗം പിടിപെട്ട് വിവിധ ജില്ലകളിലായി 75 പേർ ഇതിനകം മരിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ട് ഡോക്ടർമാർ ഉൾപ്പെടെയുള്ള ആളുകളാണ് മരണപ്പെട്ടിരിക്കുന്നത്. അയ്യായിരത്തോളമാളുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആശുപത്രികളിലുണ്ട്. ധാരാളംപേർ ആയുർവ്വേദ ചികിൽസയിലും ഹോമിയോ ചികിൽസയിലും കഴിയുന്നുണ്ട്. ഗുരുതരമായ മറ്റൊരു കാര്യം ഈ നിയമസഭയിലെ ചടയമംഗലം എം.എൽ.എ. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ഈ രോഗംപിടിപെട്ട് അവശനിലയിൽ കഴിയുകയാണ്. എന്നിട്ടും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇത് ഗൗരവത്തിൽ കാണാൻ സന്നദ്ധനായില്ല. കോട്ടയം, തൃശ്ശൂർ, പത്തനംതിട്ട, ആലപ്പുഴ, കാസർഗോഡ്, കൊല്ലം, എറണാകുളം, ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഈ രോഗം ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത്. മാലിന്യം കലർന്ന കുടിവെള്ളമാണ് ഇതിന്റെ ഒരു പ്രധാന കാരണം. രോഗനിർമ്മാർജ്ജനത്തിനുള്ള കിറ്റുകൾ നമ്മുടെ സംസ്ഥാനത്ത് പല സ്ഥലത്തും ലഭ്യമാകുന്നില്ല. ആളുകൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിലും കോളനിപ്രദേശങ്ങളിലും ഇന്ന് രോഗം കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ മാത്രം 152 പേർ ആശുപത്രിയിലാണ്. കൊല്ലം ജില്ലയിൽ 312 പേർ ആശുപത്രിയിലാണ്. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം കുടിച്ചാണ് ഇത്രയുമാളുകൾക്ക് ഈ രോഗം പിടിപെട്ടത്. സുനാമി ദുരന്തം വിതച്ച കൊല്ലം തീരപ്രദേശത്ത് രോഗം പടർന്നുപിടിക്കാൻ ഇടയുണ്ടെന്നാണ് റിപ്പോർട്ട് വന്നിരിക്കുന്നത്. ഇവിടെയൊന്നും മുൻകരുതലുകൾ ഇനിയും സ്വീകരിച്ചിട്ടില്ല. കോട്ടയം ജില്ലയിൽ മാത്രം

രണ്ടായിരത്തിലധികം ആളുകൾ ചികിൽസയിലാണ്. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി ഈ രോഗം ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രമായി മാറിയിരിക്കുകയാണ്. കുറുന്തോട്ടിക്ക് വാതം പിടിക്കുമോ? മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോകുന്ന ആളുകൾക്കാണ് മഞ്ഞപ്പിത്തം ബാധിക്കുന്നത്. 60 ഡോക്ടർമാർക്ക് മഞ്ഞപ്പിത്തം ബാധിച്ചു. 120 ഹൗസ് സർജൻമാരിൽ 90 ഹൗസ് സർജൻമാർക്കും 165 മെഡിക്കൽ വിദ്യാർത്ഥികൾക്കും മഞ്ഞപ്പിത്തം ബാധിച്ചിട്ടുണ്ട്. പ്രൊഫ. എം. എസ്. സുശീല, ഡോ. എം.പി. മാത്യു എന്നിവർ മരിച്ചു. എന്നിട്ടും ഗവൺമെന്റ് പറയുന്നു ഒന്നും സംഭവിച്ചിട്ടില്ലെന്ന്. കുന്നംകുളത്ത് കഴിഞ്ഞ ദിവസം ഒരാൾ മരിച്ചു. കാസർഗോഡ് ഒരാൾ മരിച്ചു. തിരുവനന്തപുരം വലിയതുറയിൽ 12 പേർ മലമ്പനി ബാധിച്ച് ചികിൽസയിലാണെന്നാണ് ഇന്ന് വാർത്ത വന്നിരിക്കുന്നത്. കോഴിക്കോട്ട് 155 ആളുകൾക്ക് ഈ രോഗം ബാധിച്ചിരിക്കുന്നു. മലിനജലം ഉപയോഗിച്ചതിന്റെ ഫലമായിട്ടാണ് ഇത് സംഭവിക്കുന്നത്. നമ്മുടെ നാട്ടിൽനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഡെങ്കിപ്പനി, മലമ്പനി, കോളറ, ടൈഫോയ്ഡ് ഇതൊക്കെ തിരിച്ചു വരുകയാണ്. ഇതിനുകാരണം ബഡ്ജറ്റിൽ ആരോഗ്യമേഖലയ്ക്ക് കൊടുക്കുന്ന തുക കുറഞ്ഞുവരുന്നതാണ്. 1998-ൽ 1.24 ശതമാനം ആരോഗ്യമേഖലയ്ക്ക് കൊടുത്ത സ്ഥാനത്ത് കഴിഞ്ഞ വർഷം കൊടുത്തത് 0.94 ശതമാനം മാത്രമാണ്. ആരോഗ്യ മേഖലയ്ക്ക് പണം കുറഞ്ഞാൽ ഈ രോഗങ്ങൾ ഇനിയും മൂർച്ഛിക്കും. അത് തടയാൻ സാധിക്കില്ല. കഴിഞ്ഞ ദിവസം ഞാൻ കോട്ടയത്ത് ഒരു പരിപാടിക്ക് പോയപ്പോൾ അവിടെ മനുഷ്യച്ചങ്ങലയുണ്ടായിരുന്നു. ആളുകളാകെ ഇളകിയിരിക്കുകയാണ്. ആ പരിപാടിക്ക് പോയപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് 1965-ൽ കോട്ടയം മെഡിക്കൽകോളേജ് സ്ഥാപിച്ചപ്പോൾ അന്ന് ആറ് വാർഡും ഒരു ഓപ്പറേഷൻ തിയേറ്ററുമുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 29 വാർഡും 7 ഓപ്പറേഷൻ തിയേറ്ററുമായി. അന്നുണ്ടാക്കിയ മലിനജലക്കുഴൽ തന്നെയാണ് ഇപ്പോഴുമുള്ളത്. ശുദ്ധജലത്തിന്റെ കുഴലും മലിനജലത്തിന്റെ കുഴലും തമ്മിൽ പൊട്ടി സംയോജിപ്പിച്ച് ശുദ്ധജലക്കുഴലിൽക്കൂടി മലിനജലമൊഴുകുന്ന ഒരു സ്ഥിതിവിശേഷ മാണുണ്ടായിരിക്കുന്നത്. ഖരമാലിന്യങ്ങൾ കത്തിച്ചുകളയുന്നതിനുള്ള സംവിധാനം ഇപ്പോഴില്ല.

ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 90 ലക്ഷം രൂപയുടെ പദ്ധതി പറഞ്ഞിട്ടുണ്ടെങ്കിലും ആവശ്യമായ തുക അനുവദിച്ചിട്ടില്ല. ആരോഗ്യ മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെയാണ് നടപ്പാക്കാൻ സാധിക്കുന്നത്? ഇവിടെ ഇന്നും ഇന്നലേയും ഉണ്ടായ പ്രശ്നം എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷേ ആ പ്രശ്നത്തിന് പരിഹാരം വേണ്ടേ? നമ്മുടെ ആശുപത്രികൾ മൂഴുവനും വൃത്തിഹീനമായി കിടക്കുന്നു. രോഗോൽപ്പാദന കേന്ദ്രമായി നമ്മുടെ ആശുപത്രികൾ മാറിയിരിക്കുകയാണ്. അതിന് പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ ഇനിയും മരണങ്ങൾ ഉണ്ടാകും. സർ, ഇവിടെ വകുപ്പുകൾ തമ്മിൽ ഏകോപനമില്ല. വാട്ടർ അതോറിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും സഹകരിച്ച് പ്രവർത്തിക്കണം. ഈ മൂന്ന് വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തിതിന്റെ ഫലമായി ഈ പ്രശ്നം കൂടുതൽ സങ്കീർണ്ണമായി വരുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏത് ക്രൈസിസ് ഉണ്ടായാലും അത് പരിഹരിക്കാനുള്ള ഒരു ക്രൈസിസ് മാനേജുമെന്റ് ഇല്ലാത്ത അവസ്ഥ വന്നിരിക്കുന്നു. നമ്മുടെ മുഖ്യമന്ത്രി പ്രതിനിധാനം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയത്താണ് ഈ ദുരന്തം വരുന്നതെങ്കിൽ മറ്റ് ജില്ലകളുടെ അവസ്ഥ എന്താണെന്ന് ഗൗരവമായിട്ട് ആലോചിക്കണം. ഈ ഗൗരവമായ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നില്ലെങ്കിൽ നാളെ മഞ്ഞപ്പിത്തം ബാധിച്ച് ഇനിയും ആളുകൾ മരിക്കുന്ന സ്ഥിതി വിശേഷം വരും. ഗവൺമെന്റ് ഇനിയും ഉണർന്നിട്ടില്ല. ശ്രീ. പി. സി. ജോർജ്ജ് ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടും ഗവൺമെന്റ് ഉണർന്നിട്ടില്ല എന്നതുകൊണ്ടാണ് ഈ പ്രശ്നം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി തന്നെയാണ് ഗവൺമെന്റ് കണ്ടത്. അതുകൊണ്ടാണ് കഴിഞ്ഞ സെപ്റ്റംബർ 16-ാം തീയതി ആദ്യമായി രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ തന്നെ ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ഒരു യോഗം വിളിച്ചു ചേർത്ത് ആവശ്യമായ രോഗ പ്രതിരോധ നടപടികൾ ഉൾപ്പെടെ വളരെ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. കോട്ടയത്ത് തന്നെ നിലവിലുള്ള മലിനജല സംസ്ക്കരണ പ്ലാന്റ് നവീകരിക്കാൻ നാൽപ്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചു. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അയ്മനം ശുദ്ധജല വിതരണ പദ്ധതിയുമായി സഹകരിച്ച് മെഡിക്കൽ കോളേജിലും പരിസരത്തും ശുദ്ധജലം നൽകാൻ 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഏറ്റവും ഗുരുതരമായ രോഗം ഉള്ളത് കോട്ടയം ജില്ലയിലാണ്. ആ കോട്ടയം ജില്ലയിൽ മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് ചെയ്തിട്ടുള്ള കാര്യങ്ങളാണ് പറഞ്ഞത്. ദീർഘകാല അടിസ്ഥാനത്തിൽ മലിനജല സംസ്ക്കരണം, അതുപോലെ തന്നെ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ ശക്തിപ്പെടുത്താനും ക്രമീകരിക്കാനുമൊക്കെയായി 4.36 കോടി രൂപയുടെ ഒരു നിർദ്ദേശം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലിരിക്കുകയാണ്. പൂനെ നാഷണൽ വൈറോളജി ഇൻസ്റ്റിട്യൂട്ടിലെ മെഡിക്കൽ സംഘം 24-1-2005-ൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് ജലം, ആഹാരം, മലം, രക്തം, മണ്ണ് എന്നിവയുടെ സാമ്പിളുകൾ എടുത്ത് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ഇന്നോ നാളയോ കിട്ടും എന്നാണ് പ്രതീക്ഷിക്കുന്നത്. ഗവൺമെന്റ് ഒരിക്കലും അലംഭാവം കാണിച്ചിട്ടില്ല. രോഗ പ്രതിരോധത്തിനുള്ള ഏറ്റവും ശക്തമായ നടപടികൾ എടുത്തിട്ടുണ്ട്. ഹോമിയോ വകുപ്പിലേയും ആയുർവേദ വകുപ്പിലേയും വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങിയ സംഘം കേരളത്തിലെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ പ്രദേശങ്ങളിലും ക്യാമ്പുകൾ നടത്തി പ്രതിരോധ മരുന്നുകൾ കൊടുത്തു വരുകയാണ്. അതുകൊണ്ടാണ് ഗവൺമെന്റിന് ഇത് കൺട്രോൾ ചെയ്യാൻ കഴിഞ്ഞത്. ഇപ്പോൾ സുനാമിയുടെ കാര്യം പറഞ്ഞു. ചരിത്രത്തിൽ ഇത്രയും വലിയ ഒരു ദുരന്തം ഉണ്ടായിട്ടും പകർച്ചവ്യാധികൾ പടരാതിരിക്കാൻ ആരോഗ്യവകുപ്പ് വളരെ ശക്തമായി ശ്രമിച്ച് മുൻകൂട്ടി പ്രതിരോധ മരുന്നുകൾ കൊടുക്കുകയും രോഗം പടരാതിരിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുകയും വെള്ളത്തിലൂടെ രോഗം പടർന്ന പ്രദേശങ്ങളിൽ വെള്ളം ക്ലോറിനേറ്റ് ചെയ്യാൻ ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. അതുപോലെ തന്നെ ഫുഡ് ഇൻസ്പെക്ടർമാർ ശീതളപാനീയങ്ങളും മറ്റ് ആഹാര സാധനങ്ങൾ വിൽക്കുന്ന കടകളികളിലുമൊക്കെ പോയി സാമ്പിൾ എടുത്ത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ എടുത്തിട്ടുണ്ട്. കേരളത്തിൽ ഇത്രയും വലിയ സുനാമി ദുരന്തം ഉണ്ടായിട്ടുപോലും യാതൊരു പരാതിയുമില്ലാതെ പകർച്ച വ്യാധികൾ പടരാതിരിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി നമ്മുടെ ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ ഒക്കെ ഊണും ഉറക്കവുമൊഴിച്ച് ഇത്രയും അധികം കഷ്ടപ്പാടുകളും ത്യാഗങ്ങളും സഹിച്ച് ജനങ്ങളിൽ നിന്നും ഏറ്റവും നല്ല പ്രശംസ ലഭിക്കത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഇവിടെ കാഴ്ചവച്ചിട്ടുള്ളത്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യം വളരെ ശരിയാണ്. അത് ഒറ്റയടിക്ക് ചെയ്യാനുള്ളതല്ല. അൽപ്പസമയമെടുത്ത് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങളാണ്. മലിനജലം ഒഴുകുന്ന പൈപ്പുകളും അതുപോലെ ശുദ്ധജലം ഒഴുകുന്ന പൈപ്പുകളും ചില പ്രദേശങ്ങളിൽ പൊട്ടി ഒഴുകി രോഗം പടരുന്ന സാഹചര്യമുണ്ട്. അതൊക്കെ വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേതൃത്വം കൊടുത്ത് അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തിയതിന്റെ ഫലമായിട്ട് ചില ക്രമീകരണങ്ങളൊക്കെ ചെയ്തു. അതിനുശേഷം വളരെ ഗൗരവമായി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിലേയും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിലേയും എൽ.എസ്.ജി. വകുപ്പിലെയും ഉദ്യോഗസ്ഥൻമാരേയും വിളിച്ചു. എൽ.എസ്.ജി. വകുപ്പിലെ മന്ത്രി ചെറിയ ഒരു അപകടം പറ്റി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. രോഗബാധ തടയുന്നതിന് വ്യാപകമായി ബോധവൽക്കരണം ആവശ്യമാണ്. വെള്ളത്തിൽ കൂടി പകരുന്ന രോഗമായതുകൊണ്ടാണ് ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥൻമാർ പ്രചരണം നടത്തുന്നത്. ചുരുങ്ങിയത് ഇരുപത് മിനിട്ടെങ്കിലും വെള്ളം തിളപ്പിച്ച് അത് തണുപ്പിച്ചതിനുശേഷമേ ഉപയോഗിക്കാൻ പാടുള്ളൂ, ഒരു തരത്തിലും പച്ചവെള്ളം ഉപയോഗിക്കാൻ പാടില്ല എന്നാണ്. ബോധവൽക്കരണം ആണ് ഏറ്റവും പ്രധാനമായിട്ടും ഉണ്ടാകേണ്ടത്. ബോധവൽക്കരണം നടത്താൻ ആവശ്യമായിട്ടുള്ള പ്രചരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണവകുപ്പും മറ്റ് സന്നദ്ധ സംഘടനകളും അതുപോലെ സ്കൂളുകളിലും കോളേജുകളിലും അസംബ്ലി കൂടുമ്പോൾ അവിടേയും പ്രതിരോധത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. രോഗം പടരാതിരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണം എന്നുള്ളതിനെക്കുറിച്ച് അതാതു ജില്ലകളിലെ ഡി.എം.ഒ.മാരും പത്രങ്ങൾവഴി ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബോധവൽക്കരണം ഉണ്ടായില്ലെങ്കിൽ രോഗം വീണ്ടും പടരാൻ ഇടയുണ്ട്. അതുകൊണ്ട് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് ജനപ്രതിനിധികൾകൂടി ഇക്കാര്യത്തിൽ സഹകരിക്കണം. ഈ പ്രശ്നത്തിൽ സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഗവൺമെന്റ് വളരെ ഗൗരവമായി തന്നെയാണ് ഈ പ്രശ്നത്തെ കണ്ടിട്ടുള്ളത്. കോട്ടയം മെഡിക്കൽ കോളേജിൽ വളരെയധികം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് ഉടൻതന്നെ എടുക്കും. 2004 സെപ്റ്റംബർ മാസം അവസാനത്തെ ആഴ്ച കോട്ടയം മെഡിക്കൽ കോളേജിൽ റിപ്പോർട്ട് ചെയ്ത രോഗികളുടെ എണ്ണം 121

LIBRARY ARCHIVES Kerala Legislative Assembly

ആയിരുന്നു. വളരെ ഫലപ്രദമായിട്ട് നടപടികൾ എടുത്തതിന്റെ ഫലമായിട്ട് ഈ കഴിഞ്ഞ ആഴ്ച അതായത് ജനുവരി മാസം അവസാനമായപ്പോൾ അത് ആറ് ആയിട്ട് കുറഞ്ഞു. വളരെ ഗൗരവത്തോടുകൂടി തന്നെയാണ് ഈ പ്രശ്നത്തെ കാണുന്നത്. താൽക്കാലികമായിട്ട് എടുക്കുന്ന നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു. അവിടെ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് അടിയന്തിരമായി നന്നാക്കുന്നതിന് 45 ലക്ഷം രൂപ അനുവദിച്ചു. അത് ടെന്റർ ചെയ്ത് അതിന്റെ പണി ആരംഭിക്കുന്നു. മാർച്ച് 31-ന് മുൻപ് അത് തീരും. അതുപോലെ അവിടത്തെ ചുറ്റുപാടുമുള്ള ഹോട്ടലുകളിൽനിന്നും കടകളിൽ നിന്നുമൊക്കെ വാങ്ങിയ ഭക്ഷണസാധനങ്ങൾ കഴിച്ചവർക്കാണ് രോഗം പിടിപെട്ടതെന്ന ഒരു ഏകദേശ രൂപം കണ്ടു. അവിടെ ശുദ്ധജല വിതരണം ഇല്ല. ഹോട്ടലുകൾ തന്നെ സംഭരിക്കുന്ന വെള്ളമാണ് ഉപയോഗിക്കുന്നത്. അത് മാറ്റിയെടുക്കുന്നതിനുവേണ്ടി 35 ലക്ഷം രൂപ അനുവദിച്ച് ഐമനം വാട്ടർ സപ്ലൈ സ്കീമിൽനിന്നും വെള്ളം വാട്ടർ അതോറിറ്റി കൊണ്ടുവന്ന് അവർ തന്നെ അവിടത്തെ ഹോട്ടലുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും കൊടുക്കുന്ന നടപടികളാണ് അടിയന്തിരമായിട്ട് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അവിടത്തെ മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ കപ്പാസിറ്റി വളരെ കുറവാണ്. അത് എഴുപതുകളിലെ കണക്ക് വച്ച് ഉണ്ടാക്കിയിട്ടുള്ള ഒന്നാണ്. അവിടത്തെ എം.എൽ.എ. ശ്രീ. തോമസ് ചാഴികാടൻ ഈ കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുത്ത് നിരന്തരമായി പരിശ്രമിച്ചതിന്റെ ഫലമായിട്ട് 4.25 കോടി രൂപയുടെ ഒരു മാലിന്യ സംസ്ക്കരണ പ്ലാന്റിന് അനുമതി നൽകാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ മെഡിക്കൽ കോളേജിലെ മഞ്ഞപ്പിത്തബാധയും മറ്റും ഒഴിവാക്കുന്നതിന് 90 ലക്ഷം രൂപയുടെ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് ശാശ്വതമായ പരിഹാരം കാണുന്ന പദ്ധതികളും ഉടൻ നടപ്പിലാക്കുന്നതാണ്. 4.25 കോടി രൂപയുടെ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്ത് വിശദമായ ഒരു പ്രോജക്ട് ഉണ്ടാക്കാൻ ചീഫ് സെക്രട്ടറി ഡി.എം.ഒ.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

Hospital Services Corporation of India, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ കോർപ്പറേഷനാണ്, അതിന്റെ ജനറൽ മാനേജർ ശ്രീ. തുഗ്ലക്ക് വന്നു, അദ്ദേഹം വെള്ളിയാഴ്ച കോട്ടയം മെഡിക്കൽ കോളേജിലെ പ്രിൻസിപ്പലും മറ്റ് അധികാരികളുമായി ചർച്ചചെയ്ത് വച്ച ചില നിർദ്ദേശങ്ങളുടെ കൂടെ അടിസ്ഥാനത്തിൽ ഉടനെതന്നെ ഒരു പ്രോജക്ട് തയ്യാറാക്കുന്നതാണ്. ആ പ്രോജക്ട് തയ്യാറായാൽ അന്നേരംതന്നെ ഈ മേജർ സ്കീമിനും അനുമതി കൊടുക്കുന്നതാണ്. ഇത് വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് അതിന് പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇനിയും സ്വീകരിക്കും. ഇന്ന് മറ്റു ചില ജില്ലകളിലും ഈ രോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടിരിക്കുന്നു എന്ന് ചില റിപ്പോർട്ടിംഗ് ഉണ്ടായിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇന്ന് 12.00 മണിക്ക് ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചിട്ടുണ്ട്, അവിടെ ആവശ്യമായിട്ടുള്ള തീരുമാനം എടുക്കും. ഇത് തടയുന്നതിനു വേണ്ടിയുള്ള എല്ലാവിധത്തിലുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കും. ഇത് നിസ്സാരമായി കാണുന്നില്ല, അതിന്റെ ഗൗരവത്തിൽ തന്നെ കണ്ട് രോഗപ്രതിരോധ നടപടിയും രോഗം ബാധിച്ചവർക്കുള്ള ചികിൽസയുടെ കാര്യത്തിലും വേണ്ട നടപടികൾ സ്വീകരിക്കും എന്നുപറയാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മുഖ്യമന്ത്രിയോട് ചെയറിന് പറയാനുള്ളത് കോട്ടയത്ത് ത്വരിതഗതിയിൽ പരിപാടികൾ നടത്തിയത് നല്ലതാണ്, യോഗം വിളിച്ചുകൂട്ടിയതും നല്ലതാണ്. പക്ഷെ മരണം വരാൻ കാത്തിരിക്കാതെ മറ്റു മെഡിക്കൽ കോളേജുകളുടെ കാര്യത്തിലും ശക്തമായ ഒരു ആക്ഷൻ പ്ലാനിന് രൂപം കൊടുക്കണം എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഉമ്മൻചാണ്ടി: സർ, അതുകൂടി കണ്ടുകൊണ്ടാണ് ഇന്നത്തെ യോഗം. കോട്ടയത്തിന്റെ കാര്യം ചർച്ച ചെയ്യാനല്ല ഇന്നത്തെ യോഗം, കോട്ടയത്തെ സംബന്ധിച്ചുള്ള എല്ലാ തീരുമാനവും എടുത്തു. ആ തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കുകയും ചെയ്തു. ഇന്നത്തെ യോഗം നമ്മുടെ സംസ്ഥാനത്തിന്റെ മറ്റു ചില ജില്ലകളിൽ രോഗത്തിന്റെ സൂചന കണ്ടു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. യോഗം വിളിച്ചുകൂട്ടി അതുസംബന്ധിച്ച് സ്വീകരിക്കേണ്ട എല്ലാവിധ നടപടികളും സ്വീകരിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ ഇത് ഉണ്ടായിരിക്കുന്നത് എന്നുള്ളത് കാണണം. പിന്നെ മന്ത്രിയെ മുഖ്യമന്ത്രി ഒന്നുപദേശിക്കണം. ഇത് പ്രചരണത്തിന്റെ കുറവാണെന്നാണ് അദ്ദേഹം വിശദീകരിച്ചതിൽ നിന്ന് മനസ്സിലാക്കിക്കാൻ ശ്രമിക്കുന്നത്. എം.എൽ.എ. മാരും അദ്ദേഹത്തിന്റെ കൂടെ പ്രചരണത്തിൽ കൂടണമെന്നാണ് പറയുന്നത്. പ്രചരണമല്ല വേണ്ടത്, ശുദ്ധജലക്കുഴലിൽക്കൂടി അഴുക്കുവെള്ളം വരുന്നു എന്നുള്ളത് എന്തു പ്രചരണമാണ്. അവിടെ കുഴലുകൾ മാറ്റുക എന്നുള്ളതല്ലേ വേണ്ടത്? ഇത്തരത്തിലുള്ള അടിയന്തിര നടപടികൾ ഉടൻതന്നെ സ്വീകരിക്കുക എന്നുള്ളതാണ് ചെയ്യേണ്ടത് എന്ന് പ്രത്യേകം അദ്ദേഹത്തെ വിളിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് ഉപദേശിക്കുന്നത് കൊള്ളാം.

മി. സ്പീക്കർ: വകുപ്പു മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

III. ശ്രദ്ധക്ഷണിക്കൽ

(1) കൃഷിനാശവും കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുംമൂലം കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് ഞാൻ മുൻകൂട്ടി നോട്ടീസ് കൊടുത്ത ഒരു കാര്യമാണ്. ഇന്ന് കേരള കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആയിരക്കണക്കിന് കർഷകർ ഈ നിയമസഭയിലേക്ക് മാർച്ച് ചെയ്ത് വരികയാണ്. രാവിലെ 10 മണിക്ക് മാർച്ച് ആരംഭിക്കും. കർഷക പ്രശ്നങ്ങൾക്ക് നമ്മുടെ സംസ്ഥാനത്ത് ഒരു പരിഹാരവും ഇല്ല. ഇത് അനുദിനം മൂർച്ഛിക്കുകയാണ്. കേരളത്തിന്റെ പ്രധാന വിളകളായിട്ടുള്ള നെല്ല്, കുരുമുളക്, അടയ്ക്ക, കാപ്പി, ഏലം, വാനില, നാളികേരം, റബ്ബർ ഈ വിളകൾക്കെല്ലാം 10 വർഷം മുമ്പ് കിട്ടിയ വിലപോലും ഇന്ന് ലഭിക്കുന്നില്ല. ഉൽപ്പാദനച്ചെലവ് വർദ്ധിച്ചു. പ്രതിവർഷം ഏഴ് വിളകൾക്കു മാത്രമായി 7150 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly